# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21-12-2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം തുടരുന്നു. നംരൂപിൽ 12,000 കോടി രൂപയുടെ അമോണിയ-യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം അൽപസമയത്തിനകം നിർവ്വഹിക്കും.

**Prime Minister Narendra Modi will perform Bhumi Pujan and lay foundation stone of the 12,000 crore rupees Ammonia-Urea fertiliser project at Namrup in Assam.**

2. ഇന്ന് ലോക ധ്യാന ദിനം. ധ്യാനത്തിന് കൈവന്ന ആഗോള അംഗീകാരമാണ് ദിനാചരണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

**Today is World Meditation Day. Vice President C. P. Radhakrishnan said that the observance of the day reflects the global recognition that meditation has attained.**

3. ഗോസ്റ്റ് പെയറിംഗ് സൈബർ തട്ടിപ്പിലൂടെ വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടുന്നതായി കേന്ദ്ര സർക്കാർ. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

**Ministry of Electronics and Information Technology warns**

citizens of GhostPairing cyber scam used for hijacking WhatsApp accounts.

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക ചൊവ്വാഴ്ച പുറത്തിറക്കും. സമ്മതിദായകർ പട്ടികയിൽ പേര് പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ.

As part of SIR in Kerala, the draft voter list will be published on Tuesday. Chief Electoral Officer Ratan U. Kelkar has urged voters to check their names in the list.

5. വായുമലിനീകരണം പ്രതിരോധിക്കുന്നതിനുള്ള ഗ്രാപ് 4 നിയന്ത്രണങ്ങൾ ശക്തമാക്കി ഡൽഹി സർക്കാർ.

Delhi government intensifies enforcement drive under GRAP Stage IV to curb air pollution.

6. ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യക്കെതിരെ പാകിസ്ഥാന് ബാറ്റിംഗ്.

In Men's Under-19 Asia Cup, Pakistan is batting against India in the final match.

&&&&&&&&&&&&&&&&

**HEADLINE-1**

**PM-ASSAM**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം തുടരുന്നു. നംരൂപിൽ, 12,000 കോടി രൂപയുടെ അമോണിയ-യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി അൽപസമയത്തിനകം നിർവ്വഹിക്കും. ഗുവാഹത്തിയിലെ പശ്ചിം ബോറഗാവിലുള്ള സ്വാഹിദ് സ്മാരക ക്ഷേത്രം

പ്രധാനമന്ത്രി സന്ദർശിച്ചു. അസം പ്രസ്ഥാനത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ചവർക്ക് അദ്ദേഹം ആദരാഞ്ജലി അർപ്പിച്ചു. ബ്രഹ്മപുത്ര നദിയിലൂടെയുള്ള ക്രൂയിസ് യാത്രയ്ക്കിടെ പരീക്ഷ പേ ചർച്ചയിൽ 25 സ്കൂളുകളിലെ വിദ്യാർത്ഥികളുമായി ശ്രീ നരേന്ദ്ര മോദി ഇന്ന് സംവദിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-2

### VICE PRESIDENT- MEDITATION- Intro

*ഇന്ന് ലോക ധ്യാന ദിനം. കഴിഞ്ഞ വർഷമാണ് ഐക്യരാഷ്ട്രസഭ ഡിസംബർ 21 'ലോക ധ്യാന ദിനം' ആയി പ്രഖ്യാപിച്ചത്. ദിനാചരണത്തോടനുബന്ധിച്ച് ഹൈദരാബാദിനടുത്തുള്ള കൻഹ ശാന്തിവനത്തിൽ നടന്ന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുത്തു. ഐക്യരാഷ്ട്ര പൊതുസഭയുടെ ലോക ധ്യാന ദിന പ്രഖ്യാപനം ധ്യാനത്തിന് കൈവന്ന ആഗോള അംഗീകാരമാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.*

*(ഹോൾഡ് വോയിസ് - ഉപരാഷ്ട്രപതി)*

&&&&&&&&&&&&&&&&&&

## HEADLINE-3

### MIETY-GhostPairing

വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്യുന്നതിന് ഗോസ്റ്റ് പെയറിംഗ് എന്ന പേരിൽ സൈബർ തട്ടിപ്പ് നടക്കുന്നതായി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം. ഉപയോക്താവിന്റെ അനുമതി ഇല്ലാതെ തന്നെ വാട്ട്സ്ആപ്പിന്റെ ഡിവൈസ് ലിങ്കിംഗ് സവിശേഷത പ്രയോജനപ്പെടുത്തി, അക്കൗണ്ടുകൾ ഹൈജാക്ക് ചെയ്യുന്ന രീതിയാണിത്. അതിനാൽ സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും ലിങ്ക്ഡ് വാട്ട്സ്ആപ്പ് ഡിവൈസ് സംവിധാനം പതിവായി പരിശോധിക്കണമെന്നും മന്ത്രാലയം മാർഗനിർദേശം പുറത്തിറക്കി.

&&&&&&&&&&&&&&&&&&

## S. JAISHANKAR

സഖ്യങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന കൂട്ടുകക്ഷി രാഷ്ട്രീയത്തിന് സമാനമാണ് സമകാലിക ലോക സാഹചര്യമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇത് കൃത്യമായി മനസ്സിലാക്കി, സ്വന്തം താൽപര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഇന്ത്യ മുന്നോട്ടു പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. പുണെ സാഹിത്യോത്സവത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിൽ ഏറെ സാധ്യതകളാണ് ഉള്ളതെന്നും വിദേശകാര്യ മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## JUSTICE SOORYAKANTH

എല്ലാ ഭരണഘടനാ സ്ഥാപനങ്ങളും ഭരണഘടനയുടെ അന്തസത്ത ഉയർത്തിപ്പിടിക്കണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. ഉത്തർപ്രദേശിലെ ഇറ്റാവയിൽ ഹിന്ദി സേവാ നിധി ട്രസ്റ്റിന്റെ 33-ാമത് വാർഷിക പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭാഷാ പരിമിതികൾ മറികടക്കാൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാഷയുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകൾ രാജ്യത്തുടനീളം നടപ്പിലാക്കുമെന്നാണ് പ്രതീക്ഷയെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM SHIVRAJ ARTICLE

ഗ്രാമങ്ങളുടെ സമഗ്ര വികസത്തിനുതകുന്നതാണ് വിക്സിത് ഭാരത് ജി റാം ജി ബില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ ചൗധരി ചരൺ സിംഗ് അവാർഡ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര അദ്ദേഹം. 2026-27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിന് കാർഷിക മേഖലയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മന്ത്രാലയം ക്ഷണിക്കുന്നതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## AAI-FLIGHTS

ഉത്തരേന്ത്യയിലെ ചില ഭാഗങ്ങളിൽ തുടരുന്ന മൂടൽമഞ്ഞ് വിമാന ഷെഡ്യൂളുകളെ ബാധിച്ചേക്കാമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ. യാത്രക്കാർ വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് തത്സമയ വിവരങ്ങൾ പരിശോധിക്കണം. തടസ്സങ്ങൾ നേരിട്ടേക്കാവുന്ന വിമാനത്താവളങ്ങളിൽ യാത്രക്കാർക്ക് പിന്തുണ നൽകുന്നതിന് പ്രത്യേക സംഘങ്ങളെ വിന്യസിച്ചിട്ടുണ്ടെന്നും എയർപോർട്ട് അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

**BRIBE – CBI**

ഡൽഹിയിൽ കൈക്കൂലി കേസിൽ സൈനിക ഉദ്യോഗസ്ഥനെ സിബിഐ അറസ്റ്റ് ചെയ്തു. ഡിഫൻസ് പ്രൊഡക്ഷൻസ് വകുപ്പിലെ ലെഫ്റ്റനന്റ് കേണൽ ദീപക് കുമാർ ശർമ്മയാണ് അറസ്റ്റിലായത്. ഇദ്ദേഹത്തിന്റെ വീട്ടിൽ നടത്തിയ റെയിഡിൽ കൈക്കൂലി തുകയായ മൂന്ന് ലക്ഷം രൂപയ്ക്ക് പുറമെ രണ്ട് കോടിയിലധികം രൂപയും പിടിച്ചെടുത്തതായി സിബിഐ അറിയിച്ചു. ഇദ്ദേഹത്തിന്റെ ഭാര്യയും സൈനിക ഉദ്യോഗസ്ഥയുമായ കേണൽ കാജൽ ബാലി, ദുബായിലുള്ള പ്രതിരോധ ഉൽപ്പന്ന നിർമാണ കമ്പനി പ്രതിനിധികൾ എന്നിവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**MP– FIT INDIA CYCLES**

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ 'ഫിറ്റ് ഇന്ത്യ' പ്രചാരണത്തിന്റെ ഭാഗമായ 'സൺഡേയ്സ് ഓൺ സൈക്കിൾസ്' പരിപാടിയുടെ ഒന്നാം വാർഷിക ആഘോഷങ്ങളിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. പുതുച്ചേരിയിൽ ആയിരുന്നു പരിപാടി. കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിൽ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും സൈക്കിൾ റാലി നടന്നു. പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാസനാഥനും മുഖ്യമന്ത്രി എൻ. രംഗസാമിയും ചേർന്ന് റാലി ഫ്ലാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**OATH –LSG**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കൗൺസിലുകളിലുമാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നത്. ഇതിനു പിന്നാലെ ഭരണസമിതികളുടെ ആദ്യ യോഗം ചേർന്നു. ആകെ 23,573 പേരാണ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടത്. മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരുടെ തെരഞ്ഞെടുപ്പ് ഈ മാസം 26ന് നടക്കും.

&&&&&&&&&&&&&&&&&

**HEADLINE-4**

**SIR – RATAN U KELKAR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ചൊവ്വാഴ്ച പ്രസദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു. എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായതായും അദ്ദേഹം പറഞ്ഞു. കരടു വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

**SREENIVASAN**

നടൻ ശ്രീനിവാസന് അന്ത്യാഞ്ജലി അർപ്പിച്ച് കേരളം. സംസ്കാരം വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ നടന്നു. നിരവധി പേരാണ് അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയത്. ഇന്നലെ എറണാകുളം ടൗൺ ഹാളിലും കൊച്ചി കണ്ടനാട്ടെ

വസതിയിലും പൊതുദർശനം നടന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, നടന്മാരായ മമ്മൂട്ടി, മോഹൻലാൽ തുടങ്ങി നിരവധി പേർ ടൗൺ ഹാളിലെത്തി അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-5

### DELHI POLLUTION- INTRO

*ഡൽഹിയിലും ദേശീയ തലസ്ഥാന മേഖലയിലും വായു മലിനീകരണം തടയുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ള പരിശോധനകളും ശക്തമാക്കി.*

*വിശദാംശങ്ങളിലേക്ക്..*

*(വോയിസ്)*

*മലിനീകരണ നിയന്ത്രണ കർമ്മപദ്ധതിയായ **GRAP** ന്റെ നാലാം ഘട്ടം അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഡൽഹിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മലിനീകരണത്തിന് കാരണമാകുന്ന വ്യവസായങ്ങൾക്കും നിർമ്മാണ സ്ഥലങ്ങൾക്കുമെതിരെ കർശന നടപടിയെടുക്കുമെന്ന് ഡൽഹി പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ മുന്നറിയിപ്പ് നൽകി. ഇതിന്റെ ഭാഗമായി മൂവായിരത്തിലധികം ഇടങ്ങളിൽ പരിശോധനകൾ നടത്തി. 16,000 ത്തിലധികം വാഹനങ്ങൾ പരിശോധിച്ചു. 12,000 പേരിൽ നിന്ന് പിഴ ഈടാക്കി. മാനദണ്ഡങ്ങൾ പാലിക്കാത്ത 612 സ്ഥാപനങ്ങൾ അടച്ചുപൂട്ടി. തത്സമയ ഏകോപനത്തിനായി ഏരിയ എഞ്ചിനീയർമാർക്കും ജില്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി*

&&&&&&&&&&&&&&&&&&

## HEADLINE-6

### UNDER-19 ASIA CUP CRICKET

ദുബായിൽ നടക്കുന്ന ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ ഇന്ത്യ, പാകിസ്ഥാനെ നേരിടുന്നു. ടോസ് നേടിയ

ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ പാകിസ്ഥാൻ 2 വിക്കറ്റിന് 226 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&

**WOMENS T - 20**

ശ്രീലങ്കയ്ക്കെതിരായ വനിതാ ട്വന്റി - 20 പരമ്പരക്ക് ഇന്ന് തുടക്കമാകും. 5 മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം ഇന്ന് രാത്രി ഏഴ് മണിക്ക് വിശാഖപട്ടണത്ത് നടക്കും.

&&&&&&&&&&&&&&&&&&

**SAFF- WOMENS CHAMPIONSHIP 2025**

പ്രഥമ സാഫ് വനിതാ ക്ലബ് കിരീടം ഇന്ത്യയ്ക്ക്. ഇന്നലെ നടന്ന ഫൈനലിൽ ആതിഥേയരായ നേപ്പാളിന്റെ ആംഡ് പോലീസ് ഫോഴ്സിനെ 3-0 ന് പരാജയപ്പെടുത്തിയാണ് ഈസ്റ്റ് ബംഗാൾ എഫ്സി കന്നിക്കിരീടം നേടിയത്. ഈ വിജയത്തോടെ, ഒരു അന്താരാഷ്ട്ര ടൂർണമെന്റ് നേടുന്ന ആദ്യ ഇന്ത്യൻ വനിതാ ക്ലബ്ബായി ഈസ്റ്റ് ബംഗാൾ മാറി.

&&&&&&&&&&&&&&&&&&

**J K- FOOD TRAIN**

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഭക്ഷ്യധാന്യ ചരക്ക് തീവണ്ടി ഇന്ന് ജമ്മു കശ്മീരിലെ അനന്ത്നാഗിൽ എത്തും. അനന്ത്നാഗ് ഗുഡ്സ് ടെർമിനലിലേക്ക് ഇത് ആദ്യമായാണ് ഭക്ഷ്യധാന്യ ട്രെയിൻ എത്തുന്നത്. താഴ്വരയിലെ വിദൂര പ്രദേശങ്ങളിലേക്ക് തടസ്സമില്ലാതെ ഭക്ഷ്യധാന്യവിതരണം ഉറപ്പാക്കാൻ നടപടി സഹായിക്കും. 21 ബോഗികളിലായി 1,384 ടൺ ധാന്യങ്ങളാണ് അനന്ത്നാഗിൽ എത്തിക്കുന്നത്.

&&&&&&&&&&&&&&&&&&

**INDIA-MYANMAR**

മ്യാൻമാറിനായി മൂന്ന് സത്വര പദ്ധതികളുമായി ഇന്ത്യ. മ്യാൻമാറിലെ മണ്ഡലായ് മേഖലയിലെ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുള്ളവയാണ് പദ്ധതികൾ. ഇന്ത്യയിൽ നിർമ്മിച്ച ആധുനിക നെയ്ത്തുപകരണങ്ങൾ, പെൺകുട്ടികളുടെ പരിശീലനത്തിനായി മണ്ഡലായിൽ നിർമിച്ച പുതിയ കെട്ടിടം, ടാർ രഹിത ഗ്യാസിഫിക്കേഷൻ പ്രക്രിയക്ക് സഹായകമായ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&

## US-RUSSIA TALKS

റഷ്യ- യുക്രൈൻ യുദ്ധം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ട് അമേരിക്കൻ സംഘം ഫ്ലോറിഡയിൽ റഷ്യൻ ഉദ്യോഗസ്ഥറുമായി ചർച്ച നടത്തി. യുക്രേനിയൻ, യൂറോപ്യൻ ഉദ്യോഗസ്ഥരുമായി വെള്ളിയാഴ്ച നടത്തിയ ചർച്ചകൾക്ക് ശേഷമായിരുന്നു യോഗം. ചർച്ചകൾ ക്രിയാത്മകമായിരുവെന്ന് റഷ്യൻ പ്രത്യേക പ്രതിനിധി കിറിൽ ദിമിട്രിവ് പറഞ്ഞു. കൂടുതൽ തടവുകാരെ കൈമാറുന്നതിനും ദേശീയ നേതാക്കളുടെ കൂടിക്കാഴ്ചകൾക്കും അവസരമൊരുക്കിയാൽ, ത്രികക്ഷി ചർച്ചകൾക്കുള്ള യു.എസ്. നിർദ്ദേശത്തെ പിന്തുണയ്ക്കുമെന്ന് യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&